No. CEE/3600/KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

**(കീം–2021)**

**കേരള എഞ്ചിനീയറിംഗ്/ഫാർമസി/ ആർക്കിടെക്ചർ /മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം – ഓൺലൈൻ അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം**

2021–22 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ /മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷ യോടൊപ്പം നൽകിയ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കുന്നതിനും ന്യൂനതകൾ ഉള്ള പക്ഷം അവ പരി ഹരിക്കുന്നതിനും അപേക്ഷാ ഫീസ് കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഒടുക്കുന്നതിനുമുള്ള അവസരം 13.07.2021 ഉച്ചയ്ക്ക് 2 മണി മുതൽ 17.07.2021 ഉച്ചയ്ക്ക് 2 മണിവരെ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. **പ്രവേശന പരീക്ഷാ കമ്മീഷണറുടെ** **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2021 - Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. പ്രൊഫൈൽ പേജിൽ അപേക്ഷകരുടെ ഫോട്ടോ, ഒപ്പ്, പേര്, തെരഞ്ഞെടുത്ത കോഴ്സുകൾ തുടങ്ങിയ വിവരങ്ങൾ ദൃശ്യമാകുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷ ണറുടെ സൂക്ഷ്മ പരിശോധനയിൽ ഫോട്ടോ, ഒപ്പ്, പേര് എന്നിവയിൽ കണ്ടെത്തിയ ന്യൂനതകൾ പ്രൊഫൈൽ പേജിൽ **'Memo Details'** എന്ന മെനു വഴി അപേക്ഷകർക്ക് അറിയാവുന്നതാണ്.

17.07.2021 ഉച്ചയ്ക്ക് 2 മണിക്ക് മേൽ വിവരിച്ചിരിക്കുന്ന സൗകര്യം അവസാനിക്കുന്നതാണ്. എല്ലാ അപേക്ഷകരും പ്രൊഫൈൽ പേജിലെ വിവരങ്ങൾ സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. വിശദമായ വിജ്ഞാപ നത്തിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12.07.2021